<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2907</u> <u>14-09-2023 - ൽ മറുപടിയ്ക്ക്</u>

<u>കലാകാരന്മാരുടെ ഉന്നമനത്തിനായി സഹകരണസംഘം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംഗീതം, നാടകം, പ്രകടന കലകൾ, ചിത്ര രചന എന്നിവയുൾപ്പെടെയുള്ള കലാകാരന്മാരുടെ ഉന്നമനത്തിനായി സംസ്ഥാനമൊട്ടാകെ പ്രവർത്തനപരിധിയായി കലാകാരന്മാരുടെ സഹകരണം സംഘം രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) | കലാകാരന്മാരുടെ ഉന്നമനത്തിനായി സംസ്ഥാന മൊട്ടാകെ പ്രവർത്തന പരിധിയായും കോട്ടയം ആസ്ഥാനമായും 4506-ാം നമ്പർ കേരള സ്റ്റേറ്റ് ആർട്ടിസ്റ്റ് & ആർട്ടിസ്റ്റ്സ് സഹകരണ സംഘം **15.02.2022-ൽ** രജിസ്റ്റർ ചെയ്ത് **25.03.2022-ൽ** പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ സമസ്ത മേഖലയിലുമുള്ള കലാകാരൻമാരുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുകയും, ക്ഷേമത്തിനായി അംഗങ്ങളുടെ ഇടയിൽ പ്രവർത്തിക്കുകയും ചെയ്യുക, കലാ സാംസ്കാരിക കൂട്ടായ്മ വളർത്തിയെടുക്കുക, കലാ സാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് സംഘത്തിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (ബി) | കലാകാരന്മാർക്ക് പരമാവധി വേദികൾ നൽകി അവരുടെ വരുമാന മാർഗ്ഗം സുരക്ഷിതമാക്കാനുള്ള പദ്ധതി പ്രസ്തുത സഹകരണ സംഘം വഴി ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സംഘം നിയമാവലിയിലെ വ്യവസ്ഥകൾ പ്രകാരം കലകളുടേയും കലാകാരൻമാരുടെയും പുരോഗതി, കലാകാരൻമാരുടെ ക്ഷേമം,സാമ്പത്തിക ഉന്നമനം, കലാകാരൻമാരായ അംഗങ്ങൾക്ക് അവരുടെ കലാസൃഷ്ടികൾ അവതരിപ്പിക്കുന്നതിനായി സ്ഥിരം വേദിയൊരുക്കുന്നതിനും അതിനായി പ്രദർശനങ്ങളും ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുക, സ്റ്റേജ് ഷോകൾ, കലാകാരൻമാരെ ആദരിക്കൽ എന്നിവ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംഘം നടപടികൾ ആവിഷ്കരിച്ചുവരുന്നു. |
| (സി) | ദേശീയ കലകളെ സംരക്ഷിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ടൂറിസം മേഖലയുടെ സഹകരണത്തോടെ എല്ലാ ജില്ലകളിലും പ്രസ്തുത സംഘത്തിന്റെ നേതൃത്വത്തിൽ സ്റ്റേജ് ഷോകൾ നടത്തുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; | (സി) | സംഘം നിയമാവലിയിലെ വ്യവസ്ഥകൾ പ്രകാരം കലകളുടേയും കലാകാരൻമാരുടെയും പുരോഗതി, കലാകാരൻമാരുടെ ക്ഷേമം,സാമ്പത്തിക ഉന്നമനം, കലാകാരൻമാരായ അംഗങ്ങൾക്ക് അവരുടെ കലാസൃഷ്ടികൾ അവതരിപ്പിക്കുന്നതിനായി സ്ഥിരം വേദിയൊരുക്കുന്നതിനും അതിനായി പ്രദർശനങ്ങളും ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുക, സ്റ്റേജ് ഷോകൾ, കലാകാരൻമാരെ ആദരിക്കൽ എന്നിവ |

| | | | |
|---|---|---|---|
| | | | ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംഘം നടപടികൾ ആവിഷ്കരിച്ചുവരുന്നു. |
| (ഡി) | കലാകാരന്മാർക്ക് സ്ഥിരം വേദിയെന്ന ലക്ഷ്യം നേടുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; | (ഡി) | സംഘം നിയമാവലിയിലെ വ്യവസ്ഥകൾ പ്രകാരം കലകളുടേയും കലാകാരൻമാരുടെയും പുരോഗതി, കലാകാരൻമാരുടെ ക്ഷേമം,സാമ്പത്തിക ഉന്നമനം, കലാകാരൻമാരായ അംഗങ്ങൾക്ക് അവരുടെ കലാസൃഷ്ടികൾ അവതരിപ്പിക്കുന്നതിനായി സ്ഥിരം വേദിയൊരുക്കുന്നതിനും അതിനായി പ്രദർശനങ്ങളും ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുക, സ്റ്റേജ് ഷോകൾ, കലാകാരൻമാരെ ആദരിക്കൽ എന്നിവ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംഘം നടപടികൾ ആവിഷ്കരിച്ചുവരുന്നു. |
| (ഇ) | ജീവിത കാലം മുഴുവൻ സമൂഹത്തിന്റെ സാംസ്കാരികമായ അഭിവൃദ്ധിക്ക് വേണ്ടി പ്രവർത്തിച്ച നിരാലംബരും അവശരും രോഗികളുമായ കലാകാരന്മാർക്ക് വേണ്ടി പ്രസ്തുത സഹകരണ സംഘം എന്തെങ്കിലും ആശ്വാസ നടപടികൾ സ്വീകരിക്കുമോ? | (ഇ) | സംഘം നിയമാവലിയിലെ വ്യവസ്ഥകൾ പ്രകാരം കലകളുടേയും കലാകാരൻമാരുടെയും പുരോഗതി, കലാകാരൻമാരുടെ ക്ഷേമം,സാമ്പത്തിക ഉന്നമനം, കലാകാരൻമാരായ അംഗങ്ങൾക്ക് അവരുടെ കലാസൃഷ്ടികൾ അവതരിപ്പിക്കുന്നതിനായി സ്ഥിരം വേദിയൊരുക്കുന്നതിനും അതിനായി പ്രദർശനങ്ങളും ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുക, സ്റ്റേജ് ഷോകൾ, കലാകാരൻമാരെ ആദരിക്കൽ എന്നിവ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംഘം നടപടികൾ ആവിഷ്കരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ